പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3957 — 21/06/2018 ൽ മറുപടിക്ക്

ശബരിമല തീർത്ഥാടകർക്കായി ഇടത്താവള സമുച്ചയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശബരിമല ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പ ഭക്തൻമാർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും സർക്കാറിന്റെയും സർക്കാരിതര സ്ഥാപനങ്ങളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കിയിട്ടുണ്ട്<br>വിരിസ്ഥലങ്ങൾ, കെട്ടിടങ്ങൾ, ശുചിമുറികൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. സുരക്ഷിതമായ ദർശനം സാധ്യമാക്കുന്നതിന് ആവശ്യമായ ബാരിക്കേഡുകൾ നിർമ്മിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കപ്പുകൾ നിരോധിച്ചതിനാൽ കുടി വെള്ളത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി, ഔഷധക്കൂട്ടുകൾ ചേർത്ത് തിളപ്പിച്ച വെള്ളം നൽകുന്നതിന് 60 കൗണ്ടറുകൾ വിവിധ സ്ഥലങ്ങളിൽ തുറന്നു. വാട്ടർ കിയോസ്കുകൾ, വാട്ടർ സ്റ്റേഷനുകൾ, വാട്ടർ പ്യൂരിഫയറുകൾ എന്നിവയിലൂടെ 369 ടാപ്പുകൾ സ്ഥാപിച്ചു 9 ടാപ്പുകൾ വീതമുള്ള 12 വാട്ടർ ഡിസ്പെൻസർ യൂണിറ്റുകളിൽ കൂടി ചൂട് വെള്ളം, തണുത്ത വെള്ളം എന്നിവ ലഭ്യമാക്കി 2.05 കോടി ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കും സ്ഥാപിച്ചു പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയുന്നതിനും വനഭൂമി മലിനസമാക്കുന്നത് തടയുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെയും, പുണ്യപൂങ്കാവനം പദ്ധതി, മാതാ അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള ശുചീകരണ സംവിധാനം എന്നിവ പ്രയോജനപ്പെടുത്തി വ്യാപകമായ ശുചീകരണയജ്ഞം നടത്തി. ശബരിമലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള പൈപ്പ് ലൈൻ പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി. അരവണ, അപ്പം നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ അറ്റകുറ്റപണികൾ തീർത്ത് ഉപയോഗയോഗ്യമാക്കി. ദർശനത്തിന് കുറ്റമറ്റരീതിയിൽ ക്യൂ സംവിധാനം പോലീസിന്റെ സഹായത്തോടെ ഏർപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്തെ കെട്ടിടത്തിന്റെ മുകളിൽ 12000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2000 ചതുരശ്ര അടിയും വിസ്തൃതിയുള്ള വിരിഷെഡുകൾ സജ്ജമാക്കി.<br>പമ്പയിൽ സ്ത്രീകൾക്കായി കുളിമുറികളും ശുചിമുറികളും ബയോ ടോയിലറ്റുകളും സ്ഥാപിച്ചു. |
| (ബി) | തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരി വെയ്ക്കുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) & (സി) | ശബരിമല തീർത്ഥാടനം നടത്തുന്ന തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരിവെയ്ക്കുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഇടത്താവളങ്ങൾ സംസ്ഥാനത്താകമാനം ഓരോ 50 കിലോമീറ്റർ ഇടവിട്ട് ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിക്കുന്നതിന് 37 ക്ഷേത്രങ്ങളെ തെരെഞ്ഞെടുത്തിരുന്നു. ഒന്നാംഘട്ടം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കഴക്കൂട്ടം, കീഴില്ലം മഹാദേവക്ഷേത്രങ്ങളിലും, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം, ഹരിപ്പാട് സുബ്രമണ്യ സ്വാമിക്ഷേത്രം, ആറന്മുള പാർത്ഥ സാരഥി ക്ഷേത്രം എന്നിവിടങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള മുടിക്കോട്, തിരുവഞ്ചിക്കുളം എന്നിവിടങ്ങളിലും മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള കാടാമ്പുഴ ഭഗവതി ദേവസ്വം, നെല്ലിയോട്, തൃത്തല്ലൂർ എന്നീ ക്ഷേത്രങ്ങളിലും, കൂടൽമാണിക്യം ക്ഷേത്രത്തിലും ഇടത്താവളങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച എസ്റ്റിമേറ്റും പ്ലാനും ഇൻഡ്യൻ ഓയിൽ കോർപറേഷൻ, ഭാരത് പെട്രോളിയം എന്നീ പൊതുമേഖല സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇടത്താവള സമുച്ചയങ്ങൾ ഏതെല്ലാം ക്ഷേത്രങ്ങളിലാണ് നിർമ്മിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത്; അതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ